File No.SJD/590/2020-C1

നം. എസ്.ജെ.ഡി/590/2020-സി1

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 12/05/2021
Email - swdkerala@gmail.com
Phone - 0471 - 2306040

## വിജ്ഞാപനം

അനധികൃതമായി രാജ്യത്ത് പ്രവേശിക്കുന്ന വിദേശികളേയും , പാസ്സ്പോർട്ട്/വിസ കാലാവധി തീർന്ന ശേഷവും അനധികൃതമായി രാജ്യത്ത് തുടരുന്ന വിദേശികളേയും, ശിക്ഷാകാലാവധി പൂർത്തിയാക്കി അവരവരുടെ രാജ്യത്തേയ്ക്ക് തിരിച്ചുപോകുന്നതിനുള്ള നിയമനടപടികൾക്കായി കാത്തുകിടക്കുന്ന വിദേശികളേയും അവർ രാജ്യം വിടുന്നതുവരെ നിരീക്ഷണത്തിൽ പാർപ്പിക്കുന്നതിനായി സംസ്ഥാന തലത്തിൽ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ഒരു ഡിറ്റൻഷൻ സെൻററർ സ്ഥാപിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ ഒരു സമയം പരമാവധി 15 പേർക്ക് സുരക്ഷിതമായി താമസ സൗകര്യം ഒരുക്കാൻ കഴിയുന്ന ഒരു ഡിറ്റൻഷൻ സെൻററർ തിരുവനന്തപുരം അല്ലെങ്കിൽ തൃശ്ശൂർ ജില്ലയിൽ ആരംഭിക്കുന്നതിന് താല്പര്യമുള്ള സന്നദ്ധ സംഘടനകൾ 24/05/2021 വൈകുന്നേരം 5 മണിക്ക് മുൻപായി വിശദമായ പ്രൊപ്പോസൽ, ധനകാര്യവിശകലനം സഹിതം ചുവടെ ചേർക്കുന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. താമസക്കാർക്ക് ആവശ്യമായ ഭക്ഷണം, കെയർടേക്കറുടെ സേവനം മറ്റ് അടിസ്ഥാനസൌകര്യങ്ങൾ എന്നിവ സംഘടന ഒരുക്കേണ്ടതും സെൻററിലെ താമസക്കാർക്ക് ആവശ്യമായ സുരക്ഷ സർക്കാർ തലത്തിൽ ലഭ്യമാക്കുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്ക് താഴെപ്പറയുന്ന വിലാസത്തിൽ സാമൂഹ്യനീതി ഡയറക്ടറേറ്റുമായി ബന്ധപ്പെടാവുന്നതാണ്.

ഡയറക്ടർ,
സാമൂഹ്യനീതി വകുപ്പ്,
അഞ്ചാം നില, വികാസ് ഭവൻ,
പി.എം.ജി, തിരുവനന്തപുരം - 695033
ഫോൺ. 0471 - 2306040

വിശ്വസ്തതയോടെ,

**സാമൂഹ്യനീതി ഡയറക്ടർക്ക് വേണ്ടി**